വിഭാവനം ചെയ്യുന്ന ഒരു ഏകീകൃത നിയമത്തിനായുള്ള ബിൽ നിയമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ബിൽ സഭയുടെ പരിഗണനയിലാണ്.

83 (375) കൊച്ചി ദേവസ്വംബോർഡ് കമ്മീഷണറുടെ ചുമതല കൈമാറാൻ നടപടി

ശ്രീ. വി. ബാലറാം ;
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി ദേവസ്വംബോർഡ് കമ്മീഷണറുടെ ചുമതല അഡീഷണൽ സെക്രട്ടറി ശ്രീ. വി.സി. സുബ്രഹ്മണ്യനെ ഏൽപ്പിക്കണമെന്ന് ഹൈക്കോടതി ഉത്തരവിട്ടിരുന്നുവോ;

(ബി) അതനുസരിച്ച് ചാർജ്ജെടുക്കാൻ ചെന്ന ശ്രീ. സുബ്രഹ്മണ്യന് കമ്മീഷണറുടെ ചുമതല നൽകാതിരുന്നത് എന്തുകൊണ്ടാണ്;

(സി) അതിനുത്തരവാദി ആരാണെന്നു വ്യക്തമാക്കുമോ;

(ഡി) ഹൈക്കോടതിയുടെ ഉത്തരവ് ലംഘിച്ചതിന്മേൽ എന്ത് നടപടിയെടുത്തു?

ഉത്തരം

(എ) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മൂന്ന് വർഷത്തേയ്ക്ക് കൊച്ചി ദേവസ്വംബോർഡ് കമ്മീഷണറായി തിരഞ്ഞെടുത്ത് നിയമിക്കുന്നതിന് ഏറ്റവും അനുയോജ്യനായ വ്യക്തി നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ. വി.സി. സുബ്രഹ്മണ്യനാണെന്ന് ബഹു:കേരള ഹൈക്കോടതി ഉത്തരവിട്ടിരുന്നു.

(ബി)&(സി) ദേവസ്വംബോർഡ് പ്രസിഡന്റിന്റെ അനുവാദം ഇല്ലാതിരുന്നതിനാൽ ശ്രീ. സുബ്രഹ്മണ്യന് കമ്മീഷണറുടെ ചുമതല ഏൽപ്പിച്ചുകൊടുക്കാൻ ദേവസ്വംബോർഡിന് ആദ്യം സാധിച്ചില്ല എന്നും, എന്നാൽ പ്രസിഡന്റിനെ സ്ഥാനത്ത്നിന്ന് നീക്കിനിർത്തി ബോർഡിന്റെ ചുമതലകൾ സെക്രട്ടറിയെ ഏൽപ്പിച്ചുകൊണ്ട് ബഹു:ഹൈക്കോടതി ഉത്തരവായതിനെ തുടർന്ന് ജൂൺ 5-ന് കമ്മീഷണറുടെ ചുമതലകൾ ശ്രീ. സുബ്രഹ്മണ്യന് ഏൽപ്പിച്ചുകൊടുത്തിട്ടുണ്ട് എന്നും ദേവസ്വംബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

(ഡി) ഇത് സംബന്ധിച്ച് ബഹു: കേരള ഹൈക്കോടതിയിൽ സി.സി. സി. 211/99, സി.സി.സി.246/99 നമ്പർ കേസ്സുകൾ നിലവിലുണ്ട്.

84 (376) കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ് തടയുന്നതിന് നടപടി

ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:-

(എ) സംസ്ഥാനത്തെ കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ് തടയുന്നതിന് 31.5.1999 വരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും ഇതുമൂലം എന്തെങ്കിലും പ്രയോജനം നേടാനായിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(ബി) സ്വാഭാവിക റബ്ബറിന്റെ കഴിഞ്ഞ മൂന്നു വർഷത്തെ ഉല്പാദനം ഉപഭോഗം ഇവ എത്ര ആയിരുന്നുവെന്ന് അറിയിക്കാമോ;

(സി) സ്വാഭാവിക റബ്ബറിന്റെ നടപ്പുവർഷത്തെ ഉല്പാദനം എത്രയായിരിക്കുമെന്നും ഉപഭോഗം എത്രയായിരിക്കുമെന്നും കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര;

(ഡി) സംസ്ഥാന ഗവൺമെന്റ് 1996 ജൂൺ മുതൽ 31.5.1999-വരെയുള്ള കാലയളവിൽ സംസ്ഥാനത്തുനിന്ന് എത്ര ടൺ റബ്ബർ സംഭരിച്ചു; ഇവ സംഭരിക്കുന്നതിന് സ്വീകരിച്ച വില നിലവാരത്തോത് എത്രയായിരുന്നു;

(ഇ) ഇപ്രകാരം സംഭരിച്ച റബ്ബറിൽ എത്ര ടൺ എത്ര രാജ്യങ്ങളിലേക്ക് കയറ്റി അയച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(എഫ്) സംസ്ഥാനത്തുനിന്ന് 1.6.1999-ന് ശേഷമുള്ള കാലയളവിൽ റബ്ബർ സംഭരിക്കുന്നതിന് ചുമതലപ്പെടുത്തിയിരുന്ന ഏജൻസികൾ ഏതൊക്കെയാണെന്നും ഈ ഓരോ ഏജൻസികളും ഓരോ സാമ്പത്തികവർഷവും എത്ര ടൺ റബ്ബർ സംഭരിച്ചുവെന്നും എത്ര ടൺ ബഫർ സ്റ്റോക്ക് വച്ചുവെന്നും വിശദമാക്കാമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ കൈക്കൊള്ളേണ്ട നടപടികളെ സംബന്ധിച്ച് പ്രധാനമന്ത്രി, കൃഷി മന്ത്രി, വാണിജ്യ മന്ത്രി എന്നീ തലങ്ങളിൽ നിരന്തരമായി ശ്രദ്ധക്ഷണിക്കുകയും നടപടികൾക്കായി സമ്മർദ്ദം ചെലുത്തുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് റബ്ബർ ശേഖരിക്കുവാൻ സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷൻ കൈക്കൊണ്ട നടപടികൾ വേണ്ടത്ര ഫലപ്രദമല്ല എന്നു കണ്ടപ്പോൾ കമ്പോളവിലയേക്കാൾ രണ്ടു രൂപ അധികം നൽകി റബ്കോ, റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ, സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ എന്നീ ഏജൻസികൾ മുഖാന്തിരം റബ്ബർ സംഭരിക്കുവാൻ ഏർപ്പാടുകൾ ഉണ്ടാക്കി. കിലോയ്ക്ക് 40 പൈസ എന്ന ക്രമത്തിൽ കൈകാര്യച്ചെലവും അനുവദിച്ചു. സംഭരണത്തിന് ആവശ്യമായ തുക കണ്ടെത്തുവാൻ വായ്പ എടുക്കേണ്ടി വന്നാൽ അതിനു സർക്കാർ ഗ്യാരണ്ടിയും അനുവദിച്ചു. സംഭരിക്കുന്ന റബ്ബർ കയറ്റി അയക്കുമ്പോൾ ഉണ്ടാകുന്ന നഷ്ടം ഗവൺമെന്റ് പരിഹരിക്കുന്നതിനും വ്യവസ്ഥ ഉണ്ടാക്കി. ഈ ഇനത്തിൽ എല്ലാം കൂടി സർക്കാരിന് അഞ്ചുകോടി രൂപ ചെലവായിട്ടുണ്ട്. വാങ്ങൽ നികുതി ഒഴിവാക്കിക്കൊടുത്തതിന് ഉദ്ദേശം 20 കോടി രൂപ സർക്കാരിന് സാദ്ധ്യതയായിട്ടുമുണ്ട്. വീണ്ടും 3.3.1999-മുതൽ കിലോയ്ക്ക് മാർക്കറ്റ് വിലയേക്കാൾ 50 പൈസ അധികം നൽകി 50,000 മെട്രിക് ടൺ റബ്ബർ സംഭരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. 50 പൈസ കിലോയ്ക്ക്, കൈകാര്യ ചെലവിനത്തിൽ നൽകാനും തീരുമാനിച്ചിട്ടുണ്ട്. റബ്ബർ ഉല്പാദിപ്പിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ അവ ഉല്പാദിപ്പിക്കുന്ന ലാറ്റക്സിന്റെ 25% കയറ്റി

അയക്കുവാനും കയറ്റി അയക്കുമ്പോൾ ഉണ്ടാകുന്ന നഷ്ടം നികത്തിക്കൊടുക്കാനും വ്യവസ്ഥയുണ്ടാക്കി. കൊപ്രായ്ക്ക് കേന്ദ്രസർക്കാർ കിന്റലിന് 3100 രൂപ താങ്ങുവില പ്രഖ്യാപിച്ചത് മാർക്കറ്റ് വിലയേക്കാൾ കുറവായതിനാൽ കൊപ്രാ സംഭരണം ആവശ്യമായി വന്നിട്ടില്ല കൊയ്ത്തുകാലത്തു നെല്ലിനുണ്ടാകുന്ന വിലക്കുറവ് തടയുന്നതിനായി നെല്ല് സംഭരണ പദ്ധതി, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിൽ നടപ്പിലാക്കി വരുന്നു. കർഷകരിൽ നിന്നും നേരിട്ട് സഹകരണസംഘങ്ങൾ ഒരു നിശ്ചിത വില നൽകിയാണ് നെല്ലു സംഭരിക്കുന്നത്. ഇതിന് കിന്റലിന് 60 രൂപാ നിരക്കിൽ സർക്കാർ ധനസഹായം കൈകാര്യച്ചെലവിനത്തിൽ ബന്ധപ്പെട്ടവർക്ക് നൽകുന്നുണ്ട്. സംഭരിക്കുന്ന നെല്ല് അരിയായി വിറ്റാൽ അഞ്ചു രൂപ അധികം നൽകുന്നുണ്ട്.

(ബി)

വർഷം	ഉല്പാദനം (മെട്രിക്ടൺ)	ഉപഭോഗം (മെട്രിക്ടൺ)
1996-97	5,49,425	5,61,765
1997-98	5,83,830	5,71,820
1998-99	6,05,045	5,91,545

(സി) 6,27,000 മെട്രിക് ടൺ റബ്ബറിന്റെ ഉല്പാദനവും 6,23,000 മെട്രിക് ടൺ റബ്ബറിന്റെ ഉപഭോഗവും ഉണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ട്.

(ഡി) 38,268 മെട്രിക് ടൺ. റബ്കോ ശരാശരി 30 രൂപ നിരക്കിലും റബ്ബർ മാർക്ക് എസ്.ടി.സി. ക്കുവേണ്ടി 32.90 രൂപ നിരക്കിലും ബാക്കി ശരാശരി 30 രൂപാ 41 പൈസ നിരക്കിലും സംഭരിച്ചു.

(ഇ) 1767 മെട്രിക് ടൺ ആർ.എസ്.എസ്-4-ഉം 153 മെട്രിക് ടൺ ഐ.എസ്.എൻ.ആർ-20-ഉം കയറ്റി അയച്ചിട്ടുണ്ട്. ആറ് രാജ്യങ്ങളിലേക്കാണ് കയറ്റി അയച്ചത്.

(എഫ്) കേരളാ സ്റ്റേറ്റ് കോഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനും, സ്റ്റേറ്റ് റബ്ബർ കോ ഓപ്പറേറ്റീവ് ലിമിറ്റഡും.

റബ്ബർ മാർക്കിനെ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

വർഷം	സംഭരണം	സ്റ്റോക്ക്
1996-97	37126	9196
1997-98	33934	4973
1998-99	23093	2564

റബ്കോയെ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ്.

85 (377) നെൽക്കൃഷി വികസനം

ശ്രീ. ടി.എം. ജേക്കബ്

ശ്രീ. ജോണി നെല്ലൂർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly